# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3438**

**11.12.2018 - ൽ**
**മറുപടിയ്ക്ക്**

## വിത്ത് വിതരണം

**ചോദ്യം**
**ശ്രീ.കെ.വി.വിജയദാസ്**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

**എ)** കൃഷിയ്ക്കായിട്ടുള്ള നല്ലയിനം വിത്തുകൾ വിതരണം ചെയ്യുന്നതിന് കൃഷി വകുപ്പിന് കഴിയുന്നുണ്ടോ;

**എ)** കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകൾ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ എന്നിവ ഗുണമേന്മയുള്ള വിത്തും നടീൽ വസ്തുക്കളും ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്.

**ബി)** ഏതെല്ലാം തരത്തിലുള്ളതും ഇനത്തിലുള്ളതുമായ വിത്തുകളാണ് നിലവിൽ വിതരണം ചെയ്തുവരുന്നത്;

**ബി)**

1) **നെൽ വിത്തുകൾ** - ശ്രേയസ്സ്, ജ്യോതി, ഉമ, മട്ടത്രിവേണി, പ്രത്യാശ, ആതിര

2) **പച്ചക്കറി വിത്തുകൾ**

| | |
|---|---|
| പയർ | - ലോല, ഭാഗ്യലക്ഷ്മി |
| വെണ്ട | - അനാമിക, സൽകീർത്തി |
| മുളക് | - അനുഗ്രഹ |
| മത്തൻ | - അമ്പിളി |
| വെള്ളരി | - മുടിക്കോട്, ലോക്കൽ, സൗഭാഗ്യ, അരുണിമ, താലോലി |
| പാവൽ | - പ്രിയങ്ക |
| പടവലം | - കൗമുദി |
| ചീര | - അരുൺ |
| ചതുരപയർ | - രേവതി |
| പീച്ചിൽ | - ലോക്കൽ ഇനം |
| ചുരയ്ക്ക | - ലോക്കൽ ഇനം |
| കുമ്പളം | - കെ.എ.യു. ലോക്കൽ |

3) ഫലവൃക്ഷതൈകളുടെ ബഡ്ഡുകൾ, ലെയറുകൾ, ഗ്രാഫ്റ്റുകൾ
4) വേര് പിടിപ്പിച്ച കുരുമുളക് തൈകൾ
5) കവുങ്ങിൻ തൈകൾ
6) ടിഷ്യൂകൾച്ചർ വാഴതൈകൾ
7) തെങ്ങിൻ തൈകൾ

**സി)** ഈ സർക്കാർ വിത്ത് ഉല്പാദനം വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇപ്രകാരം ഉല്പാദിപ്പിക്കുന്ന വിത്തുകൾ സൗജന്യമായിട്ടാണോ ജനങ്ങൾക്ക് നൽകിവരുന്നത്; ഏതെല്ലാം കേന്ദ്രങ്ങളിൽ കൂടിയാണ് ഇവ വിതരണം ചെയ്തുവരുന്നത് എന്ന് അറിയിക്കുമോ?

**സി)** വിത്തുല്പാദനം വർദ്ധിപ്പിച്ചിട്ടുണ്ട്. സബ്സിഡി നിരക്കിലും, സർക്കാർ നിരക്കിലും വിത്തുകൾ ഫാമുകളിൽ നിന്ന് നൽകി വരുന്നു. സൗജന്യ നിരക്കിൽ പദ്ധതിക്കനുസൃതമായി ഫാമുകളിൽ നിന്ന് നേരിട്ടും, സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങൾ വഴിയും, കൃഷി ഭവനുകൾ, പഞ്ചായത്ത് തുടങ്ങിയ കേന്ദ്രങ്ങൾ വഴിയും വിത്തുകൾ വിതരണം ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ